നൃത്തനാട്യ ഘോഷങ്ങളുടെ സമഗ്രതയാൽ പുതുതരംഗം സൃഷ്ടിച്ചു കടന്നുപോയ നമ്മുടെ ആലപ്പുഴ മെഗാമീറ്റിലെ ആദ്യദിനത്തിൽ-

ഒരു സംഘമായി അവർ വന്നു.
താളവും മേളവും നിശബ്ദതയും ആർത്തനാദവും വിങ്ങലുകളും ആർത്തിയും നിസ്സഹായതയും കീഴടങ്ങലും കണ്ണീരും കരാളഹസ്തങ്ങളും ഉറപ്പിന്റെ കരങ്ങളും ചേതനയുടെ പൂക്കളും കൊത്തിവച്ച ശില്പങ്ങളായി അവർ സ്വയം ചോദ്യ ശരങ്ങളായി പതിച്ചു. വേദി ശബ്ദമറ്റു ശാന്തതയിലമർന്നു.

കണ്ടിരുന്ന കാണികളിൽ ആർദ്രതയുടെ പുതു വെളിച്ചം പകർന്നവർ സദസ്സിനെ കീഴടക്കി.

അന്ന്, ലഹരിമുക്ത സന്ദേശവുമായി ബ്രേക്ക് ഡാൻസിന്റെ സങ്കേതങ്ങളെ സ്വായത്തമാക്കിയ നൃത്ത സംഘതലവൻ ഇന്ന്, നമ്മുടെ പംക്തിയുടെ ദളമായി
വിടരുന്നു.

സഹർഷം അവതരിപ്പിക്കുന്നു-

ഡി. ദേവാനന്ദ്
(Devanand Das)
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കവടിയാർ ബ്രാഞ്ച്,
തിരുവനന്തപുരം.

ശ്രീ. ജെ. ദാസ്- അഡ്വക്കേറ്റ് ശ്രീമതി പി.എൻ. മിനി ദമ്പതികളുടെ മകനായി തിരുവനന്തപുരത്തു ജനനം. ഹയർ സെക്കണ്ടറിവരെ തിരുവനന്തപുരം പട്ടം കേന്ദ്രീയ വിദ്യാലയത്തിലും തുടർന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദപഠനം മാർഇവാനിയോസ് കോളേജിലുമായിരുന്നു. ചെന്നൈ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇക്കണോമെട്രിക്സിൽ ബിരുദാനന്തരബിരുദവും നേടി.

2013 ഒക്ടോബറിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഹെഡ് ഓഫീസിൽ അസോസിയേറ്റ് കേഡറിൽ ആദ്യനിയമനം ലഭിച്ചു.

2020 ൽ അസിസ്റ്റന്റ് മാനേജരായി പ്രൊമോഷൻ നേടി. SBI തിരുവനന്തപുരം, എറണാകുളം മേഖലകളിൽ വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു. ഇപ്പോൾ SBI തിരുവനന്തപുരം കവടിയാർ ബ്രാഞ്ചിൽ ഡെപ്യൂട്ടി മാനേജരായി പ്രവർത്തിക്കുന്നു.

"ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ തന്നിലെ നൃത്താഭിനിവേശത്തെ

തൊട്ടറിഞ്ഞ് പ്രോത്സാഹനം നല്കിയത് അച്ഛനായിരുന്നു"- ദേവാനന്ദ് മനസ്സ് തുറക്കുന്നു- സ്കൂളിൽ സ്റ്റേജ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതിന് അതിയായ ഉത്സാഹമായിരുന്നു. മോഡേൺ ഡാൻസിന്റെ ബേസിക്സ് ഒന്നുമറിയില്ല. സ്കൂളിലെ സ്റ്റേജ് പെർഫോമൻസ് നല്കിയ ആത്മവിശ്വാസവും ഏവരിൽ നിന്നുമുള്ള പ്രോത്സാഹനവുമാകണം, തനിക്ക് ഊർജ്ജമായത്- ദേവാനന്ദ് ബാല്യകാലത്തെ അനുഭവങ്ങളിലേക്ക്
വെളിച്ചം വീശുന്നു.

പ്ലസ് വൺ പഠന സമയം മുതൽ അക്കാലത്തെ പ്രശസ്തമായ തിരുവനന്തപുരം FIDAC Dance School ൽ ചേർന്ന് സിനിമാറ്റിക് ഫ്രീസ്റ്റൈലിൽ പ്രാവീണ്യം നേടുവാൻ അവസരം കിട്ടി. ആദ്യകാല ഡാൻസ് മാസ്റ്റേഴ്സായ ജയശങ്കർ-മനോജ്- ഉണ്ണി ത്രയങ്ങൾ (ഇപ്പോൾ FEFKA DANCERS UNION സാരഥികളും മാസ്റ്റേഴ്സുമായി നൃത്ത രംഗത്തെ പ്രശസ്തരായ ഗുരുക്കൾ) നല്കിയ പരിശീലനം തന്റെ കലാസപര്യക്ക് അടിസ്ഥാനമിട്ടു- ദേവാനന്ദ് തുടരുന്നു.

അവരിലൂടെ, ടെലിവിഷൻ-സിനിമാ
തലങ്ങളിലേക്കും തന്റെ അഭിരുചികൾ പടർന്നു കയറി. ഏഷ്യാനെറ്റ് 'ഐഡിയ സ്റ്റാർ സിംഗർ' ആദ്യപ്രോജക്ടിൽ ശ്രീ ഹിഷാം അബ്ദുൾ വഹാബ് ടീമിൽ അംഗമായി. അതോടൊപ്പം, രംഗോലി, സ്റ്റാർ വാർസ് പ്രോജക്ടുകളിലും, "ബ്ലാക്ക് ഡാലിയ"എന്ന സിനിമയിലും ഭാഗമാവുന്നതിന് ഭാഗ്യമുണ്ടായി.

പ്രശസ്തനർത്തകി അശ്രിത വെമുഗണ്ടിയോടൊപ്പം Slicing of the Moon എന്ന ശ്യാം കവിതയുടെ നൃത്താവിഷ്കാര ആൽബത്തിൽ അഭിനയിക്കുവാനും അവസരം കൈവന്നു. കന്യാകുമാരി മുതൽ കേരളവും പരിസര ങ്ങളുമടങ്ങിയ ദേശങ്ങളിൽ, FIDAC DANCE GROUP നോടൊപ്പംകൂടി അവതരിപ്പിച്ച എണ്ണമറ്റ സ്റ്റേജ് പ്രോഗ്രാമുകളുടെ അനുഭവ സമ്പത്തുമായി അക്കാദമിക് പഠനവും തുടർന്നു.

PG യുമായി ബാങ്കിംഗ് കരിയറിൽ ജോലി നേടുമ്പോൾ, തന്റെ നൃത്താഭിനിവേശത്തിന് തിരശീല വീണു എന്നു തന്നെ കരുതി. നിരാശപ്പെടേണ്ടി വന്നില്ല. SBI എന്ന മഹാസ്ഥാപനം തന്റെ വാസനകളുടെ പൊരുളറിഞ്ഞു. ആദരണീയരായ ശ്രീ. ദേവിപ്രസാദ് (Retd GM), ശ്രീ. അശോക് കുമാർ ദിവാകർ, ശ്രീ. അജിത് കുമാർ, ശ്രീ. മാർട്ടിൻ (DGMs) തുടങ്ങി ബാങ്കിലെ പ്രഗത്ഭരായ അനേകം സഹപ്രവർത്തകർ തന്നിലെ കലാസപര്യയെ കാത്തു സൂക്ഷിക്കുവാൻ പ്രേരണയേകി"- ബാങ്കിംഗ് കരിയറിലെത്തിയ ശേഷമുള്ള തന്റെ കലാസപര്യയിലെ നാൾ വഴികളിലൂടെ ദേവാനന്ദിന്റെ വാക്കുകൾ.

മനസ്സും ശരീരവും നിതാന്ത പരിശ്രമവും ഒത്തുചേർന്ന് ബ്രേക്ക് ഡാൻസിന്റെ വൈവിദ്യചാരുതകളിണക്കിച്ചേർത്തു പാകപ്പെട്ട

നൃത്താവിഷ്കാരങ്ങൾക്ക് ആശയസമ്പുഷ്ടിയും അവതരണ വേദികളും സാദ്ധ്യമായി.

സഹപ്രവർത്തകരായ ഒരു സംഘം യുവ പ്രതിഭാധനരും കൂടി ഒത്തുചേർന്നപ്പോൾ ആശയാവിഷ്കാരങ്ങൾക്ക് പുതുമാനങ്ങൾ കൈവന്നു.

SBI ബാങ്ക് ഡേ ആഘോഷങ്ങളിൽ മാനവിക ശേഷിയുടെ നൈപുണ്യവിന്യാസങ്ങളാൽ ശ്രദ്ധേയ നർത്തക സംഘമായവർ മാറി.

ബാങ്കിന്റെ വിവിധ അഡ്മിനിസ്ട്രേറ്റീവ് മേഖലകളിലും SBILD യിലും STABOC വേദിയിലും നൃത്തശില്പങ്ങൾ അവതരിപ്പിച്ചു. നൃത്തസംഘത്തിന് അവർ പേരിട്ടു-
Trivian Beat Hustlers.

ബാങ്കിംഗ് രംഗത്തു പ്രവർത്തിക്കുന്നവർക്ക് മോഡേൺ ഡാൻഡിൽ പരിശീലനമൊരുക്കുവാനും ഒഴിവുദിനങ്ങളിൽ അവർ സമയം കണ്ടെത്തുന്നു. വൈവിദ്ധ്യമാർന്ന നൃത്തശാഖാസമന്വയങ്ങളിലൂടെയുള്ള ആശയാവിഷ്കാരങ്ങൾ എന്ന ഉദാത്തമായ ചിന്ത ദേവാനന്ദ് പങ്കു വയ്ക്കുന്നു.

ടാലന്റഡ് ബാങ്കേഴ്സും ട്രിവിയൻ ബീറ്റ് ഹസ്റ്റ് ലേഴ്സും തമ്മിലുള്ള ഇഴയടുപ്പത്തെക്കുറിച്ചും ദേവാനന്ദിനു പറയാനേറെയുണ്ട്-

"2025ലെ എറണാകുളം ചാപ്റ്റർ മീറ്റിലാണ് ഞങ്ങൾ ആദ്യമായെത്തുന്നത്. TB യിൽ നിന്ന് ഞങ്ങളുടെ സംഘത്തിനു ലഭിച്ച പ്രോത്സാഹനം അളവറ്റതായിരുന്നു. തുടന്ന്, 2026 ൽ TB യുടെ തിരുവനന്തപുരം ചാപ്റ്റർ മീറ്റിലും പങ്കെടുത്തു.

Trivian Beat Hustlers ലോഗോ പ്രകാശനം ചെയ്യുവാനും ഈ വേദി അവസരമൊരുക്കി.

2026ലെ ആലപ്പുഴ TB മെഗാമീറ്റിന്, 'ലഹരിമുക്ത- സംസ്കൃതി'യെന്ന ആശയസമ്പുഷ്ടമായ നൃത്തശില്പമൊരുക്കുവാനും Trivians നു കഴിഞ്ഞു. വിവിധ ബാങ്കുകളിലെ പ്രതിഭകൾ ഒത്തുചേരുന്ന TB വേദി നല്കുന്ന വൈബ്സ് അളവറ്റതാണ്.
ഈ വർഷം സ്വാതന്ത്ര്യ ദിനത്തിൽ എറണാകുളത്തു നടക്കുന്ന TB ചാപ്റ്റർ മീറ്റിൽ അവതരിപ്പിക്കുവാനായി വ്യത്യസ്തതകളേറെയുള്ള ഒരു നൃത്തശില്പം ഒരുങ്ങുന്ന കാര്യവും ദേവാനന്ദ് പങ്കു വയ്ക്കുന്നു.

കുടുംബ വിശേഷങ്ങളിലേക്ക്-

പിതാവ് ശ്രീ. ജെ. ദാസ്, സെൻട്രൽ ജി.എസ്.ടി & എക്സൈസ്സിൽ നിന്ന്

അസിസ്റ്റന്റ് കമ്മിഷണറായി വിരമിച്ചു. മാതാവ്, അഭിഭാഷകയും മനുഷ്യാവകാശ പ്രവർത്തകയുമായി കേരള സാംസ്കാരിക മണ്ഡലത്തിലെ ശ്രദ്ധേയ സാന്നിധ്യമായ ശ്രീമതി പി.എൻ. മിനി. ഇളയ സഹോദരി, ദിവ്യ ദാസ്, പാലക്കാട് മെഡിക്കൽ കോളജിൽ അവസാന വർഷ മെഡിസിൻ വിദ്യാർത്ഥിനിയാണ്.

സ്റ്റേറ്റ് ബാങ്കിൽ നിന്നു കണ്ടെടുത്ത അഞ്ജലിയാണ് ദേവാനന്ദിന്റെ ജീവിത സഖി. തിരുവനന്തപുരം മെഡിക്കൽ കോളേജ് ബ്രാഞ്ചിൽ സീനിയർ അസോസിയേറ്റായി പ്രവർത്തിക്കുന്നു.
ശാസ്ത്രീയ സംഗീതത്തിൽ പ്രവീണയാണ് അഞ്ജലി. തന്റെ കലോപാസനയുടെ പ്രചോദനമായി, തണലായി നിലകൊള്ളുന്ന കുടുംബവൃക്ഷത്തിൽ
കിളിക്കൊഞ്ചലുകളുടെ ആരവവുമായി സർവോദയ വിദ്യാലയ ICSE യിൽ നാലാംഗ്രേഡിൽ പഠിക്കുന്ന രുദ്രയും കുമാരപുരം സ്മാർട്ട് സ്കൂളിൽ യു.കെ.ജി യിലെത്തിയ ധ്രുവനും ഇമ്പമാർന്നണിചേരുന്ന വിശേഷങ്ങളും ദേവാനന്ദ് പങ്കുവയ്ക്കുന്നു.

ചിത്രകലയിൽ നിപുണയായ രുദ്രക്ക് ബാങ്കിന്റെ സമ്മാനങ്ങൾ കിട്ടിയതിന്റെ സന്തോഷവും നിറയുന്നു. ബാങ്ക് സർഗ്ഗ വേദികളിൽ നൃത്തരംഗത്തെ
നൂതനാ വിഷ്കാരങ്ങളുടെ അംഗീകാരം പകരുന്ന സന്തോഷവും ദേവാനന്ദിന്റെ വാക്കുകളിൽ നിറയുന്നു.

ദേവാനന്ദിനോടൊപ്പമുള്ള സർഗ്ഗധനർ
ഇനി വരും ദളങ്ങളായി വിടരുമെന്ന പ്രതീക്ഷകളോടെ,

ദേവാനന്ദിനും നൃത്ത സംഘത്തിനും,
കുടുംബാംഗങ്ങൾക്കും ഹൃദയംഗമമായ ആശംസകൾ.

ടാലന്റഡ് ബാങ്കേഴ്സ്.

---

തയ്യാറാക്കിയത് : ബി.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Bishop Jerome Nagar, Kollam

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

---

The opening day of the Talented Bankers Alappuzha Mega Meet belonged to a group of performers who proved that dance can do far more than entertain—it can awaken.

They came together as one.

Through rhythm and silence…
through anguish and hope…
through helplessness and resilience…
they sculpted emotions into movement.

Every frame was a question. Every gesture carried meaning.

As their thought-provoking dance production on a drug-free society unfolded, the auditorium gradually turned silent. By the time the curtains fell, the audience had not merely watched a performance—they had experienced one.

At the heart of that unforgettable presentation was today's Talented Banker and the creative force behind Trivian Beat Hustlers:

Devanand Das
SBI Kowdiar Branch,
Thiruvananthapuram

Born in Thiruvananthapuram to Sri J. Das and Advocate Smt. P. N. Mini, a family that encouraged both learning and the arts, Devanand completed his schooling at Kendriya Vidyalaya, Pattom, before pursuing a Bachelor's degree in Economics at Mar Ivanios College. He later earned his Master's degree in Econometrics from the University of Madras, Chennai. He joined the State Bank of Travancore Head Office as an associate in October 2013.

He was promoted as Assistant Manager in 2020 and has worked in varied branches in Thiruvananthapuram and Ernakulam since then. Presently he is posted as Deputy Manager in SBI Kowdiar Branch.

"My father was the first person to recognise the dancer within me," Devanand recalls with gratitude.

As a schoolboy, he eagerly participated in every stage programme that came his way though he didn't know even the basics of modern dance. The confidence he gained from those early performances and the encouragement he received became the foundation of his artistic journey.

During his Plus One years, he joined the renowned FIDAC Dance School in Thiruvananthapuram, where he mastered Cinematic Freestyle. Under the guidance of

celebrated choreographers Jayasankar, Manoj and Unni—today among the leading masters of the FEFKA Dancers Union—his passion gradually evolved into disciplined artistry.

Those formative years also opened doors to television and cinema. He became part of Asianet's maiden Idea Star Singer project under the team of Hesham Abdul Wahab, besides performing in projects like Rangoli, Star Wars, and the feature film Black Dahlia.

Another memorable milestone was performing alongside acclaimed dancer Ashritha Vemuganti in the dance interpretation of Shyam's poem Slicing of the Moon.

While continuing his academic pursuits, he travelled extensively across Kerala and neighbouring regions, performing countless stage shows with the FIDAC Dance Group, enriching himself through every performance.

Like many artists entering professional life, Devanand believed that his dance journey had reached its final curtain once he entered the banking profession.

Fortunately, he was mistaken.

State Bank of India recognised the artist behind the banker.

He fondly remembers the encouragement extended by distinguished seniors including Sri Deviprasad (Retd. GM), Sri Ashok Kumar Divakar, Sri Ajith Kumar, Sri Martin (DGMs) and many other colleagues who inspired him to continue nurturing his artistic identity alongside his banking career.

With relentless dedication, discipline and creativity, he refined his break dance vocabulary into meaningful dance productions that combined technical brilliance with powerful social messages.

When a group of equally passionate young colleagues joined hands with him, their collective creativity blossomed into something even greater.

Their performances soon became one of the highlights of SBI Bank Day celebrations, admired for their extraordinary synchronisation and artistic storytelling.

The troupe has since performed at numerous Administrative Office events, SBILD programmes and STABOC platforms.

They proudly christened their team 'Trivian Beat Hustlers'.

Beyond performances, they devote their holidays to training fellow bankers who wish to learn modern dance, nurturing talent within the organisation.

For Devanand, dance is not merely entertainment—it is a powerful medium where diverse dance forms converge to communicate meaningful ideas.

Speaking about their journey with Talented Bankers, Devanand shares with warmth, “Our first performance for Talented Bankers was at the Ernakulam Chapter Meet in 2025. The encouragement we received there was overwhelming. We later performed at the 2026 Thiruvananthapuram Chapter Meet, where we were also honoured to unveil the official logo of Trivian Beat Hustlers.”

One of their most celebrated productions was the thought-provoking dance ballet ‘Lahari Muktha Samskrithi’ (A Culture Free from Addiction), presented at the 2026 Alappuzha TB Mega Meet.

“The energy and vibe that Talented Bankers creates by bringing together gifted individuals from different banks is truly unmatched,” he says.

He also reveals that the team is now preparing another unique thematic dance production for the forthcoming Talented Bankers Chapter Meet at Ernakulam on Independence Day.

Devanand’s father, Sri J. Das, retired as Assistant Commissioner from the Central GST & Excise. His mother, Smt. P. N. Mini, is a practising advocate, human rights activist and a respected presence in Kerala’s cultural sphere. His younger sister, Divya Das, is in the final year of her MBBS programme at Palakkad Medical College.

His life partner, Anjali, whom he met through the State Bank family, serves as Senior Associate at SBI Medical College Branch, Thiruvananthapuram. A gifted vocalist trained in classical music, she has been a constant source of inspiration and strength in his artistic journey.

Completing this beautiful family are their two children—Rudra, a Grade IV student at Sarvodaya Vidyalaya ICSE School, and Dhruvan, a UKG student at Kumarapuram Smart School.

Rudra, an accomplished young artist herself, has already earned recognition and prizes from the Bank for her excellence in painting, adding yet another creative dimension to the family’s artistic legacy.

As Devanand speaks about the appreciation his innovative dance productions continue

to receive on the Bank's cultural platforms, one can sense both gratitude and fulfilment in every word.

As we celebrate Devanand's inspiring journey, we also look forward to welcoming many more gifted members of his talented troupe into the ever-growing Talented Bankers family.

We extend our heartfelt congratulations and best wishes to Devanand, the Trivian Beat Hustlers, and his wonderful family.

May their passion continue to inspire, entertain and leave an enduring imprint on every stage they grace.